പതിമൂന്നാംകേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.101      20.03.2012 - ൽ മറുപടിക്ക്

## കെ.എസ്.ടി.പി. രണ്ടാംഘട്ട പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.അൻവർ സാദത്ത് | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പുമന്ത്രി) |
| (എ) | കെ.എസ്.ടി.പി.രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്താൻ എത്ര കി.മീ. റോഡുകൾക്കാണ് ലോകബാങ്ക് അംഗീകാരം നൽകിയിട്ടുള്ളത് ; | (എ) | കെ.എസ്.ടി.പി.രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ആകെ 367 കി.മീ. ദൈർഘ്യമുള്ള ഏഴ് റോഡുകളുടെ പുനരുദ്ധാരണത്തിന് മാത്രമാണ് ലോകബാങ്ക് ഇപ്പോൾ അംഗീകാരം നൽകിയിട്ടുള്ളത് എന്നാൽ 1000 കി.മീ. റോഡുകൾ ഹെവി മെയിന്റനൻസ് ചെയ്യുന്നതും ഒന്നാംഘട്ടത്തിൽ പൂർത്തീകരിച്ച 254 കി.മി. റോഡുകളുടെയും 28 ഹെവി മെയിന്റനൻസ് റോഡുകളുടെയും ദീർഘകാലാടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണികൾ ചെയ്യുന്നതും കൂടി ഉൾപ്പെടുത്തി ധനസഹായം നൽകുന്ന കാര്യം 2012 ഫെബ്രുവരി മാസം സംസ്ഥാനം സന്ദർശിച്ച ലോകബാങ്ക് പ്രതിനിധികൾ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | റോഡ് നിർമ്മിക്കുന്നതിനോടനു ബന്ധിച്ചുള്ള മെയിന്റനൻസ് വ്യവസ്ഥകൾ എന്തൊക്കെയാണ്; | (ബി) | റോഡ് അറ്റകുറ്റപ്പണികൾക്കുള്ള പണം സംസ്ഥാനത്തിന്റെ വിഹിത മായി ചെലവാക്കണം, റോഡ് പണി പൂർത്തിയായാൽ പത്തു വർഷ ത്തോളം റോഡുകൾ അതേ |

| | |
|---|---|
| | നിലവാരത്തിൽ നിലനിർത്തുന്നതിനു വേണ്ട അറ്റകുറ്റപണികൾ ബന്ധപ്പെട്ട കരാറുകാരൻതന്നെ ചെയ്യണം എന്ന വ്യവസ്ഥകൂടി കരാറിൽ ഉൾപ്പെടുത്തണം. |
| (സി) റോഡ് നിർമ്മാണത്തിന്റെ പ്രരംഭ പ്രവർത്തികൾക്കായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഉൾപ്പെടുത്തിയ 367 കി.മീ. ദൈർഘ്യമുള്ള ഏഴ് റോഡുകളുടെ പഴയ ഡിസൈനുകളും എസ്റ്റിമേറ്റും അടിയന്തിരമായി പുതുക്കേണ്ടതുണ്ട്. അതിന്റെ മുന്നോടിയായി ടി പണികൾ അന്താരാഷ്ട്ര നിലവാരത്തിൽ ചെയ്യിക്കുന്നതിനായി സൂപ്പർവിഷൻ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കാനുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. റോഡ് നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ 96% വും ഏറ്റെടുത്തിട്ടുണ്ട്.<br><br>അറ്റകുറ്റപണികൾക്ക് ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്ന റോഡുകളുടെ സാങ്കേതിക സാമ്പത്തിക സാദ്ധ്യതാ പഠനം നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനും, ഡിസൈനുകൾ, എസ്റ്റിമേറ്റ്, ദർഘാസ് പ്രമാണങ്ങൾ എന്നിവ തയ്യാറാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ